# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 789

28/09/2011 - ൽ മറുപടിക്ക്.

## ഉപജലപാതകളുടെ ആഴം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സി.കെ.സദാശിവൻ | | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ദേശീയ ജലപാതയിൽ നിന്നും കായംകുളം പട്ടണത്തിലേയ്ക്കുള്ള ഉപജല പാതകളുടെ ആഴം വർദ്ധിപ്പിച്ച് ജലഗതാഗതം സുഗമമാക്കുന്നതു സംബന്ധിച്ചുള്ള പദ്ധതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ; | : | (ബി) ഇതിലേയ്ക്കായി നബാർഡ് (ആർ.ഐ.ഡി.എഫ്. XVII) - ന്റെ സഹായത്തോടെ മലയൻ കനാലിന്റെ കാവടി പാലത്തിന് സമീപം പുനരുദ്ധാരണ പണികൾക്കായി 80 ലക്ഷം രൂപയുടെയും, മലയൻ കനാലിന്റെ തൂണേരി കുന്നിൻ പാലത്തിന് സമീപം 100 ലക്ഷം രൂപയുടെയും പണികൾ നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) കൃഷി സ്ഥലങ്ങളിലേയ്ക്ക് ഉപ്പുവെള്ളം കയറുന്നതു തടയുന്നതിനായി കായംകുളം കായലിന് കരിങ്കൽ ഭിത്തിയും റിംഗ് ബണ്ടും, സ്ലൂയിസ് കം കൽവർട്ടുകളും നിർമ്മിക്കുന്നതു സംബന്ധിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | : | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ